കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മൂപ്പൈനാട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.(ഡബ്ള്യ.വൈ.ഡി) പി1 – 580/ 2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട് .

തീയതി : 10.10.2017

ഡെപ്യൂട്ടി ഡയറക്ടർ

വയനാട് ജില്ല.

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

മൂപ്പൈനാട് ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-1 ലേക്കും ഭാഗം 3ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

പകർപ്പ് :-

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.(ഡബ്ള്യ.വൈ.ഡി) പി1 – 580/ 2017

തീയതി : 10.10.2017

വയനാട് ജില്ലയിലെ മൂപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മൂപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.04.2016 മുതൽ 31.03.2017 തിയ്യതി വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയുംപരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് . സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ . രതീഷ് കുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.08.2017മുതൽ<br>10.08.2017 വരെ |
| ഓഡിറ്റ്<br>നടത്തിയ<br>ഉദ്യോഗസ്ഥർ | ശ്രീ. ജയകൃഷ്ണൻ.എസ്<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ. കെ .വി ഡേവിഡ്<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. റ്റിജി വർഗ്ഗീസ്<br>ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഷഹർബാൻ സെയ്തലവി | 01.04.2017മുതൽ 31.03.2017 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീ.പി.ഹരിഹരൻ | 01.04.2017മുതൽ 31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(വികസന കാര്യം) | ശ്രീമതി. യമുന. ആർ | 01.04.2017മുതൽ 31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(ക്ഷേമകാര്യം) | ശ്രീ.യഹ്യാഖാൻ തലക്കൽ | 01.04.2017മുതൽ 31.03.2017 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(ആരോഗ്യം വിദ്യാഭ്യാസം ) | ശ്രീമതി. യശോദ | 01.04.2017മുതൽ 31.03.2017 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. മധുസൂദനൻ.സി.കെ | 01.04.2016 മുതൽ 31.01.2017 വരെ |
| | ശ്രീ.രാമചന്ദ്രൻ.കെ (അഡീഷണൽ ചാർജ്ജ്) | 01.02.2017 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.രാമചന്ദ്രൻ.കെ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി. എച്ച്. സി ) | ഡോ . ഷാഹിദ്. ടി.പി | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ടി.എൻ ഹരിശങ്കർ | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. രാജി .കെ.സി | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ഭാഗ്യലക്ഷ്മി.വി.ബി | 01.04 .2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ടി.കെ ജോസഫ് | 01.04 .2016 മുതൽ 1.05.2016 വരെ |
| | ശ്രീ. അബ്ദുൾ നാസർ.ടി | 02.05.2016 മുതൽ 30.11.2016 വരെ |
| | ശ്രീ. ടി.കെ ജോസഫ് | 01.12.2016 മുതൽ 31.01.2017 വരെ |
| | ശ്രീ. അബ്ദുൾ നാസർ.ടി | 01.02.2017 മുതൽ 16.02.2017 വരെ |
| | ശ്രീ. മധുരാജ് | 17.02.2017മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.ഷെർളി തോമസ്സ് | 01.04.2016 മുതൽ 31.03.2017 വരെ |
| വി ഇ ഒ | ശ്രീ. സുരേഷ് | 01.04.2016 മുതൽ |

| | | |
|---|---|---|
| | | 11.11.2016 വരെ |
| | ശ്രീമതി.നിഷ. പി.വി | 11.11.2016 മുതൽ<br>28.11.2016 വരെ |
| | ശ്രീ. സജിത്ത് കുമാർ | 28.11.2016 മുതൽ<br>31.03.2017 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |

| | | |
|---|---|---|
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2<br>വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 2-1 |
| 13 | ഡി&ഒ ലൈസൻസ്- അപാകതകൾ. | 2-2 |
| 14 | കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് | 2-3 |
| 15 | തൊഴിൽ നികുതി | 2-4 |
| 16 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് | 2-5 |
| | ഭാഗം 3<br>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | |

| | | |
|---|---|---|
| | | |
| 17 | കുടുംബശ്രീ യൂണിറ്റുകൾക്ക് കോഴിഫാം തുടങ്ങുന്നതിന് തുക നൽകിയത് - കൈപ്പറ്റു രേഖകൾ ,വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 3-1 |
| 18 | ഗുണഭോക്തൃസമിതിക്ക് അർഹമായതിലും അധികം തുക നൽകി | 3-2 |
| 19 | പദ്ധതി അവലോകനം | 3-3 |
| 20 | ഗുണഭോക്തൃ സമിതിയിൽ നിന്നും നിയമപരമായ വസൂലാക്കലുകൾ നടത്തിയില്ല | 3-4 |
| 21 | പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സർക്കാർ അനുമതിയില്ലാതെ ഹോണറേറിയം നൽകി | 3-5 |
| 22 | കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കാത്തവയ്ക്ക് വീട് നിർമ്മാണത്തിനുള്ള ധനസഹായം നൽകി | 3-6 |
| 23 | ഗ്രാമപഞ്ചായത്തിന്റേതല്ലാത്ത സ്കൂളുകൾക്ക് ലാബ് ഉപകരണങ്ങൾ നൽകി | 3-7 |

| | | |
|---|---|---|
| 24 | ഭിന്നശേഷിക്കാർക്ക് തൊഴിൽ സംരംഭം - മാനദണ്ഡങ്ങൾ പാലിച്ചില്ല | 3-8 |
| 25 | കോൺട്രാക്ടറുടെ പക്കൽ നിന്നും ഗുണഭോക്തൃസമിതി ബിറ്റുമിൻ വാങ്ങി | 3-9 |
| 26 | വാണിജ്യ നികുതി ഇനത്തിൽ സർക്കാരിന് വൻ നഷ്ടം | 3-10 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 30 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ | 4-7 |

| | | |
|---|---|---|
| | വിശദാംശം | |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 01.03.2016ലെ 1/2016-ാം നമ്പർ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനപ്രകാരവും 03.03.2016ലെ 01/16-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 27.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,46,73,101രൂപ |
| വരവ് | 8,69,81,450രൂപ |
| ആകെ | 11,16,54,551രൂപ |
| ചെലവ് | 9,03,87,370രൂപ |
| നീക്കിയിരിപ്പ് | 2,12,67,181രൂപ |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15486318 | 15486318 | 15486318 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2980341 | 2980341 | 2980341 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2626596 | 2626596 | 2626596 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2473103 | 2473103 | 2473103 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3262713 | 3262713 | 3262713 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8685104 | 8685104 | 8685104 | 0 | 100 |
| ലോകബാങ്ക് സഹായം | 0 | 1548364 | 1548364 | 1548364 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 88 | 74664940 | 67 | 43944855 | 9 | 12 | 76 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 14,29,635/-രൂപയുടെ (22%) വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 5521132 | 68,36,661 | 13,15,529 |
| നികുതിയേതര വരവുകൾ | 332943 | 9,24,904 | 5,91,961 |
| മറ്റ് വരവുകൾ | 7,28,900 | 2,51,045 | -4,77,855 |
| ആകെ | 6582975 | 80,12,610 | 14,29,635 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 35 | 53,880 |
| കർഷകതൊഴിലാളി പെൻഷൻ | 193 | 16,49,330 |
| വിധവാപെൻഷൻ | 1116 | 95,55,670 |
| വാർദ്ധക്യകാലപെൻഷൻ | 1579 | 1,64,24,425 |
| വികലാംഗപെൻഷൻ | 277 | 22,73,775 |
| അവിവാഹിത പെൻഷൻ | 9 | 70,200 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01/08/2017 അപരാഹ്നത്തിൽ 4 മണിക്ക് സ്ഥാപന തലവന്റെ /ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,136/- രൂപ (ആറായിരത്തി ഒരുനൂറ്റി മുപ്പത്തിയാറ് രൂപ മാത്രം ) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.05.2017മുതൽ 01.06.2017വരെ | 2016 ഒക്ടോബർ മുതൽ 2017 മാർച്ച് വരെ | 03.08.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.04.2010മുതൽ 09.04.2010വരെ | 2005-06 മുതൽ 2009-10 വരെ | 09.06.2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2016-17വർഷത്തെ വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1)ഫിക്സഡ് അസറ്റ്സ്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2) വസ്തു നികുതിയുടെ ഡിമാണ്ട്, കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് (ലൈബ്രറി സെസ് ഉൾപ്പെടെ ) |
|---|---|---|---|
| രജിസ്റ്റർ (തൻ വർഷം) | 3413105 | 2994474 | 636420 |
| എഎഫ്.എസ് | 3415931 | 2964196 | 541724 |
| രജിസ്റ്റർ (കുടിശ്ശിക ) | 1221539(ലൈബ്രറി സെസ് ഉൾപ്പെടെ ) | 819351 | 669176 |
| എഎഫ്.എസ് | 1324190 | 812535 | 444253 |

3) തൊഴിൽ നികുതിയുടെ രജിസ്റ്റർ പ്രകാരമുള്ള ഡിമാണ്ട്, കളക്ഷൻ എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ഡിമാണ്ട് | കളക്ഷൻ |
|---|---|---|
| രജിസ്റ്റർ (തൻവർഷം) | 184860 | 184860 |
| എ.എഫ്.എസ് | 188760 | 188760 |
| വ്യത്യാസം | 3900 | 3900 |

4) വായ്പ രജിസ്റ്റർ പ്രകാരം 2016-17 വർഷത്തിൽ ഒടുക്കാൻ ബാക്കിയുള്ള വായ്പ തുക 41546007/-രൂപയാണ് എന്നാൽ വാർഷിക കണക്കുകൾ പ്രകാരം 36719941/-രൂപയാണ്. വായ്പ രജിസ്റ്റർ പ്രകാരം 2016-17 വർഷത്തിൽ ഒരു കോടി രൂപ (സമഗ്ര ഭവന പദ്ധതി) വരവുണ്ട്. എന്നാൽ വാർഷിക കണക്കുകളിൽ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ തൻ വർഷ ലോൺ വരവ് രേഖപ്പെടുത്തിയിട്ടില്ല.

5) ക്ഷേമപെൻഷൻ ചെലവിന്റെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് പഞ്ചായത്തിൽ ലഭ്യമല്ല.

6) ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്കരണം, പൊതു ശ്മശാനം എന്നിവയ്ക്ക് വേണ്ടി സ്ഥലം

വാങ്ങിയതിന്റെ തുക (75 ലക്ഷം രൂപ) നൽകിയതിന് രണ്ട് പ്രാവശ്യം പേമെന്റ് വൌച്ചർ നൽകി.

7) പദ്ധതി നിർവ്വഹണ ആവശ്യത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടുകളിൽ നീക്കിയിരിപ്പുണ്ട് (സാംഖ്യയിൽ ഉൾപ്പെടുത്താത്ത അക്കൌണ്ടുകൾ). ഈ തുകകൾ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അക്കൌണ്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബാങ്ക് അക്കൌണ്ട് നമ്പർ | 31.03.2017-ലെ നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | ഹെഡ് മാസ്റ്റർ | 40231100109398 (KGB) | 52920 |
| 2 | വി.ഇ.ഒ. | 1)4023100107363 (KGB)<br>2)4023100108732 (KGB)<br>3)130171000900009(SCB) | 3112<br>473279<br>233691 |

മേൽ അപാകതകൾ പരിഹരിച്ച് വിവരം ആഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഡി&ഒ ലൈസൻസ്- അപാകതകൾ.

1)ഡി&ഒ ലൈസൻസിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിൽ നിശ്ചിത സമയക്രമം പാലിക്കുന്നില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 [1999 ലെ ഭേദഗതി കാണുക] പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും, ലൈസൻസിലെ നിബന്ധനകൾ പാലിക്കാതെയും, പഞ്ചായത്ത് പ്രദേശത്ത് ഏതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് [ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ] ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിന് മുമ്പായും പുതിയതായി തുടങ്ങുന്നതിനുള്ള അപേക്ഷകൾ പ്രസ്തുത സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് മുപ്പത് ദിവസങ്ങൾക്ക് മുമ്പായും സമർപ്പിക്കേണ്ടതാണ്. ഇത് പ്രകാരം 2016-17 വർഷത്തേക്ക് ഡി & ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ 2016 മാർച്ച് ഒന്നാം തിയ്യതിക്കകം സമർപ്പിക്കേണ്ടതായിരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ ലൈസൻസ് പുതുക്കുന്നതിന് ആകെ ലഭിച്ച 268 അപേക്ഷകളിൽ 31 എണ്ണം മാത്രമാണ് നിശ്ചിത സമയക്രമം പാലിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ-6/16-17/03-08-2017) മറുപടിയായി 2017-18സാമ്പത്തിക വർഷത്തിൽ കൂടുതൽ പേർ സമയബന്ധിതമായി ലൈസൻസ് എടുത്തിട്ടുണ്ടെന്നും, ലൈസൻസ് എടുക്കാത്തവർക്ക് നോട്ടീസ് അയക്കുന്നതാണെന്നും, മറുപടിയായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2)ഡി&ഒ ലൈസൻസിനുള്ള അപേക്ഷകളിൽ ഭൂരിഭാഗവും മതിയായ രീതിയിൽ

പൂരിപ്പിക്കാതെയാണ് പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ളത്.ലൈസൻസ് എന്താവശ്യത്തിനുവേണ്ടിയാണെന്നോ, ഒരു ദിവസത്തെ വിറ്റുവരവ് എത്രയാണെന്നോ പോലും ചില അപേക്ഷകളിൽ കാണിച്ചിട്ടില്ല. .ഉദാ:A3 3053/16, ഉടമസ്ഥന്റെ പേര്: ജെയിംസ് വാസ്.

3) ഡി&ഒ ലൈസൻസിനുള്ള അപേക്ഷയിൽ പഞ്ചായത്തിലെ ബന്ധപ്പെട്ട സെക്ഷൻ യാതൊരു പരിശോധനയും നടത്താതെയാണ് ലൈസൻസ് അനുവദിക്കുന്നത്. ഉദാ: എ.സി. മുഹമ്മദ്, എ.സി. ട്രേഡേഴ്സ് എന്നയാളുടെ

ഡി&ഒ ലൈസൻസിനുള്ള അപേക്ഷാഫോമിൽ ഒരു ദിവസത്തെ വിറ്റുവരവ് 1,00,000/- എന്ന് കാണിച്ചിട്ടുണ്ടെങ്കിലും അതിനാനുപാതികമായി ലൈസൻസ് ഫീ വാങ്ങിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-6/16-17 /03-08-2017)മറുപടിയായി ലൈസൻസ് ഫീ ഇനത്തിൽ കുറവ് വന്ന 2,500/- രൂപയും, തൊഴിൽ നികുതിയിനത്തിൽ കുറവ് വന്ന 1,900/- രൂപയും ശ്രീ എ.സി മുഹമ്മദിൽ നിന്ന് 07.08.2017 തിയ്യതിയിൽ (രശീതി നം.117030100515,117030100516) ഈടാക്കി രശീതിയുടെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്.

1. 4)മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മത്സ്യവിൽപ്പന ശാലകൾ, കോഴിയിറച്ചി വിൽപ്പന ശാലകൾ, ബീഫ് സ്റ്റാളുകൾ എന്നിവ ലൈസൻസോടുകൂടിയാണോ പ്രവർത്തിക്കുന്നത്. ഉടമസ്ഥന്റെ പേരും അഡ്രസും, ലൈസൻസ് നമ്പരും ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-6/16-17/03-08-2017)മറുപടിയായി മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ മത്സ്യവിൽപ്പനശാല ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്നും, ലൈസൻസിയുടെ പേര് പി.പി.ഹംസ എന്നാണെന്നും മലബാർ മീറ്റിന്റെ കൗണ്ടറിൽകൂടി മാത്രമേ ബീഫ് വിതരണം നടത്തുന്നുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്.കോഴിയിറച്ചി വിൽപ്പനയ്ക്ക് പഞ്ചായത്ത് ആർക്കും ലൈസൻസ് അനുവദിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.അനധികൃത കച്ചവടം അന്വേഷിച്ച് നടപടി എടുക്കേണ്ടതാണ്.

   1. 5)ഗ്രാമപഞ്ചായത്ത് പരിധിയിൽ 7 റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയൊന്നും ലൈസൻസ് ഇല്ലാതെയാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്നത്. ഇവയുടെ ലൈസൻസിന്റെ പകർപ്പും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 2-3 കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്

(1) മൂപ്പൈനാട് വില്ലേജിൽ 7/5സർവേയിൽപ്പെട്ട പ്രസിഡന്റ് മൽഹാറുൾ ഇസ്ലാം സംഘം എന്നവരുടെ ഉടമസ്ഥതയിലുള്ള റസിഡൻഷ്യൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റസിഡൻഷ്യൽ പ്ലിന്ത് ഏരിയ | ഷോപ്പിംഗ് കോംപ്ലക്സ് പ്ലിന്ത് ഏരിയ | ആകെ പ്ലിന്ത് ഏരിയ |
|---|---|---|
| 209.42ച .മീ | 104.71 ച .മീ | 314.13 ച .മീ |

ഈടാക്കേണ്ട ഫീസ് = 314.13 X7= 2,199/-രൂപ

ഈടാക്കിയ ഫീസ് =1,780/-രൂപ (1105102480/17.10.2016)

വ്യത്യാസം 2199 -1,780 = 419 /- രൂപ

(2) മൂപ്പൈനാട് വില്ലേജിൽ 130/4,131/4 സർവേ നമ്പറിൽപ്പെട്ട ബിനോജ് പുത്തൻപറമ്പിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള റസിഡൻഷ്യൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റസിഡൻഷ്യൽ പ്ലിന്ത് ഏരിയ | ഷോപ്പിംഗ് കോംപ്ലക്സ് പ്ലിന്ത് ഏരിയ | ആകെ പ്ലിന്ത് ഏരിയ |
|---|---|---|
| 56.30ച .മീ | 45.82 ച .മീ | 102.12 ച .മീ |

ഈടാക്കേണ്ട ഫീസ് = 102.12 X7= 714.84രൂപ

ഈടാക്കിയ ഫീസ് = 462രൂപ (11605103513/03.1.2017)

വ്യത്യാസം = 714.84 – 462=252.84 രൂപ
അതായത് – 253/- രൂപ

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ചട്ടം 34 ഉപചട്ടം 2 കുറിപ്പ് (iii) പ്രകാരം ഒന്നിൽ കൂടുതൽ ഉപയോഗങ്ങളുള്ള ഏതെങ്കിലുമൊരു കെട്ടിടത്തിന്റെ സംഗതിയിൽ അതിന്റെ ഏറ്റവും നിയന്ത്രിതമായ ഗണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ടി ചട്ട പ്രകാരം മേൽകെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമായ ഫീസാണ് ഈടാക്കേണ്ടത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ-19/16-17/10-08-2017) മറുപടി ലഭ്യമാക്കിയിട്ടില്ല.പെർമിറ്റ് ഫീസിനത്തിൽ കുറവുവന്ന 692 /- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി

1)ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, മാവേലി സ്റ്റോർ എന്നിവിടങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി പിരിക്കുന്നില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)ഡി & ഒ ലൈസൻസിനുള്ള അപേക്ഷാ ഫോമിൽ സ്ഥാപന ഉടമകൾ ജീവനക്കാരുടെ എണ്ണം കാണിച്ചിട്ടുണ്ടെങ്കിലും, അത്രയും പേരിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി പിരിക്കുന്നില്ല.

ഉദാ.

| സ്ഥാപനത്തിന്റെ പേര് | അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം | തൊഴിൽ നികുതി അടച്ചവർ |
|---|---|---|
| പോഡാർ പാലാന്റേഷൻസ് | 80 | 56 |
| ഹാരിസൺസ് മലയാളം | 120 | 51 |
| മാവേലി സ്റ്റോർ | 4 | 2(രണ്ടു പേരും ഒരർദ്ധ വർഷത്തിൽ മാത്രമേ തൊഴിൽ നികുതി അടച്ചിട്ടുള്ളൂ) |
| വയനാട് റാൻജസ് റിസോർട്ട് | 5 | തൊഴിൽ നികുതി അടച്ചിട്ടില്ല |
| ടെൻഡർ ലീഫ് സർവീസ് വില്ല | 3 | തൊഴിൽ നികുതി അടച്ചിട്ടില്ല |
| ഡിസിൽവ കോട്ടേജ് | 2 | തൊഴിൽ നികുതി അടച്ചിട്ടില്ല |
| അഞ്ജലി കോട്ടേജ് | 2 | തൊഴിൽ നികുതി അടച്ചിട്ടില്ല |
| എ.സി ട്രേഡേഴ്സ് | 5 | തൊഴിൽ നികുതി അടച്ചിട്ടില്ല |
| എം. സി. ഹോസ്പിറ്റൽ | 32 | തൊഴിൽ നികുതി അടച്ചിട്ടില്ല |
| ഷിഹാബ്. സി.ടി, ഫർണ്ണിച്ചർ & വുഡ് വർക്ക്സ് | 6 | തൊഴിൽ നികുതി അടച്ചിട്ടില്ല |
| സഫ ഫാമിലി റെസ്റ്റോറന്റ് | 6 | തൊഴിൽ നികുതി അടച്ചിട്ടില്ല |
| മീൻമുട്ടി റിട്രീറ്റ് സർവീസ് വില്ല | 5 | തൊഴിൽ നികുതി അടച്ചിട്ടില്ല |
| മീൻമുട്ടി ഹൈറ്റ്സ് | 15 | തൊഴിൽ നികുതി അടച്ചിട്ടില്ല |

| | | |
|---|---|---|
| കോഫി കൗണ്ടി റിസോർട്ട് | 4 | തൊഴിൽ നികുതി അടച്ചിട്ടില്ല |
| വീ റിസോർട്ട് ക്ലിഫ് ഹാൻങ്ങർ | 3 | തൊഴിൽ നികുതി അടച്ചിട്ടില്ല |
| പാടിവയൽ എന്റർപ്രൈസസ് | 3 | തൊഴിൽ നികുതി അടച്ചിട്ടില്ല |

ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3)ഗ്രാമപഞ്ചായത്ത് പരിധിയിൽ ആയുർവേദം/ അലോപ്പതി മരുന്നു കടകളോടു ചേർന്ന് സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 വസ്തു നികുതി ഈടാക്കിയതിൽ കുറവ്

മൂപ്പൈനാട് പഞ്ചായത്തിൽ 5-ാം വാർഡിൽ റി.സ നം. 178/2 ശ്രീ.പി.ഒ മൂസ്സ, പിലാവിലെ (വീട്) എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള 199.32 ച .മീ കെട്ടിടത്തിന് ചതുരശ്ര മീറ്ററിന് 50/- രൂപ വീതം കണക്കാക്കി 9966 /- രൂപയാണ് ഈടാക്കിയിട്ടുള്ളത്. വസ്തുനികുതി പരിഷ്കരണ ഉത്തരവ് പ്രകാരം ചതുരശ്ര മീറ്ററിന് 60/- രൂപ നിരക്കിൽ 11959 രൂപയാണ് ഈടാക്കേണ്ടത്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/16-17,10.08.17) ന് മറുപടിയായി നികുതി ചുമത്തിയതിൽ വന്ന കുറവ് ഉടമസ്ഥനിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ പുതുതായി വസ്തുനികുതി നിർണ്ണയം നടത്തിയ ഫയലുകൾ സമയ പരിമിതി മൂലം പരിശോധന നടത്തുവാൻ സാധിച്ചിട്ടില്ല. മേൽ ഫയലുകളിൽ വസ്തുനികുതി നിർണ്ണയിച്ചത് പുനപരിശോധന നടത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വസ്തു നികുതിയിനത്തിൽ കുറവു വന്ന 1993 /- രൂപ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടുംബശ്രീ യൂണിറ്റുകൾക്ക് കോഴിഫാം തുടങ്ങുന്നതിന് തുക നൽകിയത് - കൈപ്പറ്റു രേഖകൾ,, വിവരങ്ങൾ ലഭ്യമല്ല

പ്രോജക്ട് നംപർ – S0107/17

അടങ്കൽ – 262584
ചെലവ് – 262584

ബിൽ നംപർ – 6/27/3/17

തുക – 2,55,500/-

ബിൽ നംപർ -7/27.3.17

തുക -7084/-

കുടുംബശ്രീകൾക്ക് കോഴിഫാം തുടങ്ങുന്നതിന് താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ കൈപ്പറ്റ് രശീതികളിൽ അപാകതകളുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| യൂണിറ്റിന്റെ പേര് | വാർഡ് | തുക | ചെക്ക് നംപർ/ തീയ്യതി | അപാകതകൾ |
|---|---|---|---|---|
| ചൈത്രം | 1 | 32823 | നൽകിയ ചെക്കുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല | ചെക്ക് നംപർ,തീയ്യതി, തുക എന്നിവ രേഖപ്പെടുത്താത്ത കൈപ്പറ്റ് രേഖയാണ് സൂക്ഷിച്ചിട്ടുള്ളത്. |
| മരിയ | 7 | -ടി- | -ടി- | -ടി- |
| മർവ്വ | 15 | -ടി- | -ടി- | -ടി- |
| ദീപം | 5 | -ടി- | -ടി- | -ടി- |
| തനിമ | 11 | -ടി- | -ടി- | -ടി- |
| സ്നേഹ | 1 | -ടി- | 12585/31.7.17 | -ടി- |

| | | | | |
|---|---|---|---|---|
| പൗർണ്ണമി | 1 | -ടി- | -ടി- | -ടി- |
| പവിത്രം | 6 | -ടി- | -ടി- | -ടി- |

കുടുംബശ്രീ ചെയർപേഴ്സണ് തുക നൽകിയതിന്റെ (ആകെത്തുകയായ 262584 രൂപ) കൈപ്പറ്റ് രശീതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും, ആയതിൽ കൈപ്പറ്റ തീയ്യതി, ചെക്ക് നംപർ /തീയ്യതി എന്നീ വിവരങ്ങൾ ചേർത്തിട്ടില്ല. കൂടാതെ ഡി&ഓ പരിശോധനയെത്തുടർന്ന് നല്കിയ ഓഡിറ്റ് എൻക്വയറിയിൽ (നം.11/5.8.2017)മൂപ്പൈനാട് പഞ്ചായത്തിൽ കോഴിഫാമുകളൊന്നും പ്രവർത്തിക്കുന്നില്ല എന്നാണ് വിവരം ലഭ്യമാക്കിയിട്ടുള്ളത്. ഈ വിഷയത്തിൽ കൂടുതൽ അന്വേഷണം ആവശ്യമാണ്. ഇതിനായി ചെലവഴിച്ച 2,62,584/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. (ഓഡിറ്റ് അന്വേഷണം നം.14/8.8.17)

## 3-2 ഗുണഭോക്തൃസമിതിക്ക് അർഹമായതിലും അധികം തുക നൽകി.

താഴെ പറയുന്ന പ്രോജക്ടിന്റെ ഗുണഭോക്തൃസമിതിക്ക് ചെലവായതിലും അധികം തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0165/16-17 |
| പ്രോജക്ടിന്റെ പേര് | കുന്നമ്പറ്റ അംഗൻവാടി റിപ്പയർ |
| അടങ്കൽ | 2 ലക്ഷം രൂപ (സംരക്ഷണ ഗ്രാന്റ് റോഡിതരം.) |
| ചെലവ് | 190412/-രൂപ[ട്രഷറി ബിൽ നംപർ 21/16-17/ 28/03/2017 |
| എം. ബുക്ക് നമ്പർ | 10/16-17 (01-53) |
| കൺവീനർ | ശ്രീമതി. ലൂർദ് മേരി |
| കരാറുടമ്പടി നമ്പർ | 155/15-16, 04/03/2016 |
| പ്രവൃത്തി പൂർത്തികരിച്ച | 12.08.2016 (അളവ് പുസ്തകം പേജ് നമ്പർ 30) |

| തീയതി | |
|---|---|

അളവ് പുസ്തകം പ്രകാരം പ്രവൃത്തിയുടെ മൂല്യം 179634/-രൂപയാണ് (നികുതികൾ ഉൾപ്പെടാതെ). എന്നാൽ ഗുണഭോക്തൃ സമിതയുടെ ചെലവ് കണക്കുകൾ പ്രകാരമുള്ള അകെ ചെലവ് 154384.5രൂപയാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ഗുണഭോക്തൃ സമിതി ചെലവ് കണക്കുകളിൽ രേഖപ്പെടുത്തിയ തുക | വൌച്ചർ പ്രകാരമുള്ള തുക |
|---|---|---|
| 20 mm ക്രഷ്ഡ് സ്റ്റോൺ മെറ്റൽ (150 ക്യൂബിക്ക് അടി) | 7500 | 7500 |
| മണൽ (600 ക്യൂബിക്ക് അടി) | 12000 | 12000 |
| ബോളർ (250 ക്യൂബിക്ക് അടി) | 10000 | 10000 |
| കട്ട (925 എണ്ണം) | 25200 | 2500 |
| വാതിൽ, കതക് | 6900 | 6900 |
| മിക്സർ മെഷ്യൻ | 1000 | 1000 |
| പൈപ്പ് | 22269 | 22269 |
| സിമന്റും സ്റ്റീലും | 24737.5 | 24737.5 |
| ടൈൽ | 10278 | 10278 |
| പെയിന്റ് | 7500 | 7500 |
| ലേബർ | 49700 | 49700 |

| | | |
|---|---|---|
| ആകെ | **177084.5 | 154384.5 |

**ഗുണഭോക്തൃ സമിതി കണക്കുകളിൽ ആകെ തുക തെറ്റായി 1,79,034/-രൂപയെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

കട്ട വാങ്ങിയതിന്റെ തീയതി രേഖപ്പെടുത്താത്ത കൈപ്പറ്റ് രശീതിയാണ് വൌച്ചറായി (വൌച്ചർ നമ്പർ 4) ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മനോജ് പുത്തൂർ വയൽ എന്ന വ്യക്തി 925 കട്ടകൾ കുന്നമ്പറ്റ അംഗൻവാടി റിപ്പയറിംഗിനായി എത്തിച്ച് കൊടുത്തതിന് 2500/-രൂപ കൺവീനറുടെ പക്കൽ നിന്നും കൈപ്പറ്റി എന്നാണ് കൈപ്പറ്റ് രശീതിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. (അളവ് പുസ്തകം പ്രകാരം (ഇനം 6) 1.769 ഘ.മീ. കട്ട ഉപയോഗിച്ചുള്ള പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. ഡി.എസ്.ആർ ഡാറ്റ പ്രകാരം ഇതിന് ആവശ്യമായ കട്ടകളുടെ എണ്ണം 874 [494 കട്ട/ 1ഘ.മീ. @ 4500രൂപ/ 1000 കട്ട, കൺവേയൻസ് 283.96/1000 കട്ട] ആണ്. ആയതിന് കൺവേയൻസ് അടക്കം ആകെ 4181/- രൂപയാണ് അനുവദനീയമായ തുക). നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താത്തതിനാൽ ഗുണഭോക്തൃ സമിതിയുടെ മിനിട്ട്സ് ബുക്ക് അസാധുവുമാണ്.

12.08.2016 നാണ് (അവസാന അളവ് രേഖപ്പെടുത്തിയ തീയതി) പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. എന്നാൽ ഈ തീയതിക്ക് ശേഷം ഗുണഭോക്തൃ സമിതി കൺവീനർ വാങ്ങിയ സിമിന്റിന്റെ ബില്ലാണ് ചെലവ് വൌച്ചറായി ഉൾപ്പെടുത്തിയിരിക്കുന്നത്.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ബിൽ നംപർ/തീയതി | തുക |
|---|---|---|
| സിമന്റ് (50 ചാക്ക്) | 951/08.06.2017 | 18558.95 |
| സ്റ്റീൽ (75 കി.ഗ്രം) | -ടി- | 3321.43 |
| വാറ്റ് | -ടി- | 2857.12 |
| ആകെ | | 24737.5 |

ന്യൂനതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നംപർ 15/2016-17/ 22.08.2017 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃ സമിതിക്ക് അർഹമായതിലും അധികമായി നൽകിയ 25,250/- രൂപ ( 179634 - 154384) ഓഡിറ്റ് നിരാകരിക്കുന്നു. തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷമുള്ള സിമന്റിന്റെ ബില്ല് വൗച്ചറായി ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ ബാക്കി ചെലവ് തുക 165,162/-രൂപ (190412 – 25250 ) തടസ്സത്തിൽ വെയ്ക്കുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-3 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്ത് തൻവർഷം 74664940/- രൂപ അടങ്കൽ തുകയായി 8 സ്പിൽ ഓവർ പ്രോജക്ടുകൾ അടക്കം ആകെ 88 പ്രോജക്ടുകൾ നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഭാഗികമായി തുക ചെലവഴിച്ചതടക്കം 76 പ്രോജക്ടുകൾക്കായി തൻവർഷം 43944855/-രൂപ ചെലവഴിച്ചതായാണ് ഓഡിറ്റിന് ഹാജരാക്കിയ പദ്ധതി ചെലവ് കണക്കുകളിൽ ഉള്ളത് . ഇതിൽ സമഗ്ര ഭവന നിർമ്മാണ പദ്ധതിക്കായി ചെലവഴിച്ച ലോൺ തുക (ഒരു കോടി രൂപ) ഉൾപ്പെട്ടിട്ടില്ല. അത് ഉൾപ്പെടെ 72.25% മാണ് തൻവർഷത്തെ ആകെ പദ്ധതി ചെലവ്.

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നടപ്പിലാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | ഫണ്ട് ഇനം | ചെലവ് |
|---|---|---|---|
| 1 | കാടച്ചിറകുന്ന് നടപ്പാലം നിർമ്മാണം | WGDP | 304175 |
| 2 | കല്ലിക്കെണി നടപ്പാലം | WGDP | 250000 |
| 3 | വിവിധ കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ | ATSP | 1280000 |
| 4 | തയ്യൽ മെഷീൻ വിതരണം | ATSP | 35840 |

പദ്ധതി മാർഗ്ഗരേഖ (ജി.ഒ (എം.എസ്) 4/2016 /ത.സ്വ.ഭ.വ, 11.1.2016) ഖണ്ഡിക 4.3 പ്രകാരം ഒരു തദ്ദേശ സ്ഥാപനം അതിന്റെ പ്രദേശത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും (വിഭവ സ്രോതസ്സ് ഏതുതന്നെ ആയാലും) പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന് റോഡ് സംരക്ഷണത്തിന് ലഭിച്ച ഫണ്ട് വകമാറ്റി റോഡ് കോൺക്രീറ്റിംഗിന് വിനിയോഗിച്ചിട്ടുണ്ട് (പ്രോജക്ട് നമ്പർ എസ് 0015/17 തട്ടികപ്പാലം ലക്കി ഹിൽ റോഡ്). ഗ്രാമപഞ്ചായത്തിന് കൈമാറികിട്ടിയ റോഡുകളിലെ അറ്റകുറ്റ പണികൾ പൂർണ്ണമായും നടത്തിയ ശേഷം ഫണ്ട് ബാക്കിയുണ്ടെങ്കിൽ മാത്രം ഭരണസമിതിയുടെ ഏകകണ്ഠമായ തീരുമാനത്തോടെ മറ്റു പ്രവൃത്തികൾക്ക് വിനിയോഗിക്കുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന് സർക്കാർ ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഫണ്ട് ഇനം | അലോട്ട്മെന്റ് | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|---|
| 1 | വികസന ഫണ്ട് (പൊതു വിഭാഗം) | 15486318 | 15486318 | - |
| 2 | വികസന ഫണ്ട് (ടി.എസ്.പി.) | 2626596 | 2626596 | - |
| 3 | വികസന ഫണ്ട് (എസ്.സി.പി.) | 2980341 | 2980341 | - |

| | | | | |
|---|---|---|---|---|
| 4 | ധനകാര്യ കമ്മീഷൻ അവാർഡ് | 8685104 | 8685104 | - |
| 5 | ലോക ബാങ്ക് ധനസഹായം | 5879599 | 1548364 | 4331235 |
| 6 | സംരക്ഷണ ഗ്രാന്റ് (റോഡ്) | 2676984 | 2473103 | 203881 |
| 7 | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 4085403 | 3262713 | 822690 |
| | ആകെ | 42420345 | 37062539 | 5357806 |

ഗ്രാമപഞ്ചായത്തിന് സർക്കാരിൽ നിന്നും ഗ്രാന്റ് ഇനത്തിൽ ലഭിക്കുന്ന തുക പൂർണ്ണമായി ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതണ്. അല്ലാത്ത പക്ഷം ഫണ്ട് ലാപ്സാകുന്നതിലൂടെ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്ക് ലഭ്യമാകേണ്ട സേവനങ്ങൾ നഷ്ടമാകും.

## 3-4 ഗുണഭോക്തൃ സമിതിയിൽ നിന്നും നിയമപരമായ വസൂലാക്കലുകൾ നടത്തിയില്ല.

ഗ്രാമപഞ്ചായത്ത് 2016-17 വർഷത്തിൽ ഗുണഭോക്തൃ സമിതികൾ മുഖേനെ നടപ്പിലാക്കിയ എസ്റ്റിമേറ്റിൽ ഓവർ ഹെഡ് ചാർജ്ജ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികളുടെ ബിൽ തുക അനുവദിച്ചപ്പോൾ വാറ്റ്, തൊഴിലാളി ക്ഷേമനിധി എന്നിവ വസൂലാക്കാതെ തുക അനുവദിച്ചു.

I)

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.062/17 |
| പ്രോജക്ടിന്റെ പേര് | കുടിവെള്ള പദ്ധതികൾ |
| അടങ്കൽ | 4 ലക്ഷം രൂപ (വികസന ഫണ്ട് ) |
| ചെലവ് | 127145/-രൂപ [ട്രഷറി ബിൽ നം. 28/16-17, 31/03/2017] |
| എം. ബുക്ക് നമ്പർ | 26/13-14(16-22) |
| കൺവീനർ | ശ്രീ. ലത്തീഫ് |
| കരാറുടമ്പടി നമ്പർ | 320/16-17, 04/03/2017 |
| പ്രവൃത്തി മൂല്യം | 132442 /-രൂപ |
| പ്രവൃത്തിയുടെ അംഗീകരിക്കാവുന്ന ചെലവ് | 132442 - 13244 (ഗു. വിഹിതം 10%) =119198 |
| അധിക ചെലവ് | 127145 - 119198 = 7947/-രൂപ |

II)

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0096/17 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ചിത്രഗിരി സ്കൂളിന് ചുറ്റമതിൽ |
| അടങ്കൽ | 200000/- രൂപ (റോഡ് സംരക്ഷണ ഫണ്ട് ) |
| ചെലവ് | 200000/--രൂപ [ട്രഷറി ബിൽ നം. 73/16-17, 27/03/2017] |
| എം. ബുക്ക് നമ്പർ | 321/15-16(1-21) |
| കൺവീനർ | ശ്രീ. സാജൻ മാത്യൂ |
| കരാറുടമ്പടി നമ്പർ | 7/17-18, 10/03/2017 |
| പ്രവൃത്തി മൂല്യം | 190323/-രൂപ |
| അധിക ചെലവ് | 200000- 190323 = 9677/-രൂപ |

III)

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0094/17 |
| പ്രോജക്ടിന്റെ പേര് | ഹരിത കേരളം പദ്ധതികളുടെ പദ്ധതിയുടെ ഭാഗമായി ചെക്ക് ഡാം നിർമ്മാണം |
| അടങ്കൽ | 200000/- രൂപ (വികസന ഫണ്ട് ) |
| ചെലവ് | 200000/--രൂപ [ട്രഷറി ബിൽ നം. 29/16-17, 31/03/2017] |
| എം. ബുക്ക് നമ്പർ | 316/15-16(1-12) |
| കൺവീനർ | ശ്രീ. കെ.പി. ശ്രീധരൻ |
| കരാറുടമ്പടി നമ്പർ | 7/17-18, 10/03/2017 |
| പ്രവൃത്തി മൂല്യം | 191101/-രൂപ |
